"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ല – ചിറക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. പി.പി. ഉഷക്കെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.16/2021/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 04/01/2021

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.10.2018-ലെ ഇ17(പി.ഇ.25/17/കെ.എൻ.ആർ) 24624/17നമ്പർ കത്ത്

2 സർക്കാരിന്റെ 21.11.2019-ലെ ഇപിബി3/151/2019/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീമതി. പി.പി. ഉഷ 06.01.2020-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 27.08.2020-ലെ PAN/15721/2019-D9(DP) നമ്പർ കത്ത്

## ഉത്തരവ്

തണ്ണീർത്തട സംരക്ഷണ നിയമയനുസരിച്ച് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ ശ്രീ. ഷാഹുൽ ഹമീദ് എന്ന വ്യക്തിക്ക് വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കാൻ ചിറക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയും മറ്റും ഒത്താശ ചെയ്തുവെന്ന പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ചിറക്കൽ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. അന്വേഷണത്തിൽ തണ്ണീർത്തട സംരക്ഷണ നിയമയനുസരിച്ച് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ ശ്രീ. ഷാഹുൽ ഹമീദ് എന്ന വ്യക്തിക്ക് വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കാൻ നിയമം അനുവദിക്കുന്നില്ലെന്നിരിക്കെ ഗുരുതരമായ അഴിമതിയും അധികാര ദുർവ്വിനിയോഗവും നടത്തിയ ചിറക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി.ടി. പുരുഷോത്തമനും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും സ്വകാര്യ വ്യക്തിയുമായി ഒത്താശ ചെയ്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കാൻ പെർമിറ്റും, കെട്ടിട നമ്പറും അനുവദിച്ചതിലും, ആയതിന്റെ വിവരങ്ങൾ മറച്ച് വച്ച് വ്യാജരേഖ ചമച്ച് സാക്ഷ്യപ്പെടുത്തി നൽകി ശ്രീമതി. പി.പി. ഉഷ അവരെ സംരക്ഷിക്കുകയും ചെയ്തുവെന്നും അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. പി.പി. ഉഷക്കെതിരെ പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് ശ്രീമതി. പി.പി. ഉഷ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ടി പ്രതിവാദപത്രികയും അതിന്മേലുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടും വിശദമായി പരിശോധിച്ചു. ചിറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. പി.പി. ഉഷക്കെതിരെ കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകിയാണ് അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ ടിയാരിക്കെതിരായ അച്ചടക്ക നടപടിയിന്മേൽ

തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചിറക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. പി.പി. ഉഷക്കെതിരായ ആരോപണങ്ങളിന്മേൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 1 5 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

   (പരാമർശം (1), (2), (3) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീമതി. പി.പി. ഉഷ, മുൻ സെക്രട്ടറി, ചിറക്കൽ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, ചിറക്കൽ ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/151/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SUDHEER S S
Date: 2021.01.04 12:09:46 IST
Reason: Approved

സെക്ഷൻ ഓഫീസർ